**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

നം. പി1/10/2025/ഡിഎംഇ. (2)

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ആരോഗ്യ ഭവൻ
എം.ജി റോഡ്
തിരുവനന്തപുരം
ഫോൺ നം.0471-2339307
ഇമെയിൽ-director.ame@kerala.gov.in

തീയതി:05-03-2026

## <u>അറിയിപ്പ്</u>

1) 2025 ഡിസംബറിൽ നടന്ന ആയുർവേദ പാരാമെഡിക്കൽ സപ്ലിമെന്ററി പരീക്ഷകളുടെ പേപ്പറുകളിൽ പുനർ മൂല്യനിർണ്ണയം ആവശ്യമുള്ള വിദ്യാർത്ഥികൾ 25.03.2026 തീയതിക്കുള്ളിൽ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയർക്ടറുടെ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് (നേരിട്ടോ, രജിസ്റ്റർഡ് പോസ്റ്റ്, സ്പീഡ് പോസ്റ്റ് എന്നിവ മുഖേനയോ). പ്രസ്തുത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷാ ഫീസ് ആയ 205/- രൂപ (ഒരു പേപ്പറിന് ) 0210-03-101-98 - Exam Fees and other Receipt എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി, ചെല്ലാൻ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2) ആയുർവേദ പാരാമെഡിക്കൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് "0210-03-101-98 - Exam Fees and other Receipt" എന്ന ശീർഷകത്തിൽ 205/- രൂപ ട്രഷറിയിൽ ഒടുക്കി, ചെല്ലാൻ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടാതെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് സ്വന്തം മേൽവിലാസം രേഖപ്പെടുത്തിയ 65/-രൂപയുടെ (രജിസ്ട്രേഡ് തപാലിന് ആവശ്യമായ) തപാൽ സ്റ്റാമ്പ് പതിപ്പിച്ച 34 x 24 cm വലിപ്പത്തിലുള്ള കവർ, നിർദ്ദിഷ്ട ഫോറത്തിൽ പറഞ്ഞിട്ടുള്ള എല്ലാ രേഖകളും സഹിതം ഈ കാര്യാലയത്തിൽ അപേക്ഷ (നേരിട്ടോ,രജിസ്റ്റർഡ് പോസ്റ്റ്, സ്പീഡ് പോസ്റ്റ് എന്നിവ മുഖേനയോ). സമർപ്പിക്കേണ്ടതാണ്.

അപേക്ഷകളുടെ നിശ്ചിത മാതൃകകൾ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

Digitally signed by
T D Sreekumar
Date: 05-03-2026
16:59:49

**T D SREEKUMAR**
ഡയറക്ടർ

പകർപ്പ് : എല്ലാ സർക്കാർഎയിഡഡ്/സ്വാശ്രയ ആയുർവേദ കോളേജുകൾക്കും സ്ഥാപനങ്ങൾക്കും